"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് — കേരള ഡെന്റൽ കൗൺസിലിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ — അനുവദിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.35/2022/H&FWD    തീയതി,തിരുവനന്തപുരം, 06-07-2022

പരാമർശം:- 1. സ.ഉ (അ) നം.27/2021/ധന തീയതി 10.02.2021.

2. കേരള ഡെന്റൽ കൗൺസിൽ രജിസ്ട്രാറുടെ 02.06.2021, 09.12.2021 എന്നീ തീയതികളിലെ 3489/21/ഡി.സി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യം കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം കേരള ഡന്റൽ കൗൺസിൽ രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത കൗൺസിലിന് ഉള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്നും രജിസ്ട്രാർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ കേരള ഡെന്റൽ കൗൺസിലിലെ ജീവനക്കാർക്ക് താഴെപ്പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | രജിസ്ട്രാർ | 1 | 40,000 | സഞ്ചിത വേതനം |
| 2 | ജൂനിയർ സൂപ്രണ്ട് | 1 | 30700-65400 | 43400-91200 |
| 3 | യു.ഡി ക്ലാർക്ക് | 1 | 25200-54000 | 35600-75400 |
| 4 | എൽ.ഡി ക്ലാർക്ക് | 1 | 19000-43600 | 26500-60700 |
| 5 | അറ്റൻഡർ | 1 | 16500-35700 | 23000-50200 |
| 6 | ഡ്രൈവർ | 1 | 18000-41500 | 25100-57900 |
| | **ആകെ** | 6 | | |

3. ശമ്പള പരിഷ്കരണം പ്രകാരമുള്ള ആനുകൂല്യങ്ങൾ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും:-

i. കേരള ഡെന്റൽ കൗൺസിലിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം മുകളിലെ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമായിരിക്കും. യാതൊരു കാരണവശാലും ഒരു കാറ്റഗറിയിലും ശമ്പള സ്കെയിൽ Step up ചെയ്യാൻ അനുവദിക്കുന്നതല്ല.

ii. ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.07.2019 ആയിരിക്കും.

iii. ശമ്പള ഫിക്സേഷൻ 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ അനക്ഷർ II ലെ ചട്ടങ്ങൾ പ്രകാരമായിരിക്കും.
iv. പുതുക്കിയ സ്കെയിലിലെ ക്ഷാമബത്ത 10.02.2021 ലെ സ.ഉ(പി) നം.27/ 2021/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരവും സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിലുമായിരിക്കും.
v. പുതുക്കിയ നിരക്കിലുള്ള HRA 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 12, 13, 14 എന്നിവ പ്രകാരമായിരിക്കും. 01.03.2021 മുതൽ പ്രാബല്യത്തിൽ CCA നിർത്തലാക്കപ്പെടുന്നതാണ്.
vi. മേൽ പറഞ്ഞതൊഴികെ മറ്റൊരു അലവൻസുകൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
vii. ജീവനക്കാരുടെ സമയബന്ധിത ഹയർ ഗ്രേഡ് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ഉത്തരവിലെ അനക്ഷർ VI പ്രകാരമായിരിക്കും (ഖണ്ഡിക 22 ഒഴികെ).
viii. പുതുക്കിയ സമയബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ പ്രാബല്യ തീയതി 01.04.2021 ആയിരിക്കും.
ix. സർക്കാർ ജീവനക്കാർക്ക് ബാധകമാകാത്ത എതെങ്കിലും അലവൻസോ മറ്റ് ആനുകൂല്യങ്ങളോ നിലവിൽ കേരള ഡെന്റൽ കൗൺസിലിലെ ജീവനക്കാർ അനുഭവിക്കുന്നുണ്ടെങ്കിൽ ആയത് ഈ ഉത്തരവോടു കൂടി അവസാനിപ്പിക്കേണ്ടതാണ്.
x. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ബഹു.മന്ത്രിസഭായോഗ തീരുമാനപ്രകാരവുമുള്ള സർക്കാർ ഉത്തരവും കൂടാതെ തസ്തിക സൃഷ്ടിക്കുവാനോ തസ്തിക ഉയർത്തുവാനോ പാടുള്ളതല്ല.
xi. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിലല്ലാതെ യാതൊരാളെയും (പാർട്ട് ടൈം, ഫുൾടൈം, പ്രൊവിഷണൽ, താൽക്കാലിക നിയമനം എന്നിവയും കോൺട്രാക്റ്റ്/ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനവും) നിയമിക്കുവാൻ പാടുള്ളതല്ല.
xii. സ്ഥാപനത്തിൽ ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ.(അ)നം.1208/2001/ധന നമ്പർ ഉത്തരവ് പ്രകാരം നിർത്തലാക്കേണ്ടതാണ്.
xiii. ശമ്പള പരിഷ്കരണം നിമിത്തമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാദ്ധ്യതയും സർക്കാർ വഹിക്കുന്നതല്ല. ആയത് കേരള ഡെന്റൽ കൗൺസിലിന്റെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.
xiv. ശമ്പള പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് കേരള ഡെന്റൽ കൗൺസിലിന് തീരുമാനമെടുക്കാവുന്നതാണ്.

xv. ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ പിഴവ് സംഭവിക്കുന്ന പക്ഷം ആയതിന് കേരള ഡെന്റൽ കൗൺസിൽ രജിസ്ട്രാർ ഉത്തരവാദിയായിരിക്കുന്നതാണ്.

xvi. മുൻകാലശമ്പള ഫിക്സേഷനുകൾ 30.01.2013 ലെ 12/13/ധന നമ്പർ സർക്കുലർ പ്രകാരം പരിശോധിക്കേണ്ടതും അപാകതകൾ കണ്ടെത്തുന്ന പക്ഷം 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതുമാണ്.

xvii. CPF/EPF Employer വിഹിതം സംബന്ധിച്ച പൊതു വ്യവസ്ഥ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള ഡെന്റൽ കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ. 838 തീയതി 22.06.2022)
ധനകാര്യ വകുപ്പ് (23.04.2022 ലെ 1817147/ഹെൽത്ത്-ബി2/143/2021-ധന പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Rajesh G.s**
**Date: 06-07-2022 15:52:29**
സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ഹെൽത്ത്-ബി1/140/2021/ഹെൽത്ത്. ഇനം നം: 838

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഹെൽത്ത് -ബി1/ 140/ 2021/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.06.2022 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയില്ല.<br><br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ദിലീപ്.സി.ഡി. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ആഷാ തോമസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.06.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.06.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.06.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

10.02.2021 ലെ സ.ഉ (പി) നം. 27/2021/ധന പ്രകാരം പുറപ്പെട്ടുവിച്ചിട്ടുള്ള 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് 10.02.2021 ലെ സ.ഉ (പി) നം. 27/2021/ധന പ്രകാരം പുറപ്പെട്ടുവിച്ചിട്ടുള്ള 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ലഭ്യമാക്കുന്നതിനായി കേരള ഡന്റൽ കൗൺസിൽ രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു. കേരള ഡന്റൽ കൗൺസിലിലെ തസ്തികകൾ കേരള സർക്കാർ സർവ്വീസിലെ സമാനമായ തസ്തികകൾക്ക് തുല്യവും ടി ജീവനക്കാർക്ക് മറ്റ് അലവൻസുകൾ നിലവിലില്ലാത്തതുമാണ്. നിലവിൽ കേരള ഡന്റൽ കൗൺസിലിന് യാതൊരുവിധ സർക്കാർ സാമ്പത്തിക സഹായവും ലഭ്യമായിട്ടില്ലെന്നും ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത കൗൺസിലിന് ഉള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്നും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

3. മേൽ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

*"ചുവടെ പരാമർശിക്കുന്ന നിബന്ധനകളോടെ കേരള ഡെന്റൽ കൗൺസിലിന്റെ ശമ്പള പരിഷ്കരണം അനുവദിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു*

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പളസ്കെയിൽ |
|---|---|---|---|---|
| 1 | രജിസ്ട്രാർ | 1 | 40,000/- | സഞ്ചിത വേതനം |
| 2 | ജൂനിയർ സൂപ്രണ്ട് | 1 | 30700-65400 | 43400-91200 |
| 3 | യു.ഡി.ക്ലാർക്ക് | 1 | 25200-54000 | 35600-75400 |
| 4 | എൽ.ഡി.ക്ലാർക്ക് | 1 | 19000-43600 | 26500-60700 |

| | | | | |
|---|---|---|---|---|
| 5 | അറ്റൻഡർ | 1 | 16500-35700 | 23000-50200 |
| 6 | ഡ്രൈവർ | 1 | 18000-41500 | 25100-57900 |
| | ആകെ | 6 | | |

**നിബന്ധനകൾ**

i) കേരള ഡെന്റൽ കൗൺസിലിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം മേൽ സൂചിപ്പിച്ച പ്രകാരമായിരിക്കും. യാതൊരു കാരണവശാലും ഒരു കാറ്റഗറിയിലും ശമ്പള സ്കെയിൽ Step up ചെയ്യാൻ അനുവദിക്കുന്നതല്ല.

ii)ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി 01.07.2019 ആയിരിക്കും.

iii) ശമ്പളഫിക്സേഷൻ 10/02/2021 ലെ ജി.ഒ.(പി) 27/2021/ധന നമ്പർ ഉത്തരവിന്റെ അനക്ഷർ II ലെ ചട്ടങ്ങൾ പ്രകാരമായിരിക്കും.

iv) പുതുക്കിയ സ്കെയിലിലെ ക്ഷാമബത്ത 10/02/2021 ലെ ജി.ഒ.(പി) 27/2021/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരവും സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിലുമായിരിക്കും.

v) പുതുക്കിയ നിരക്കിലുള്ള HRA 10/02/2021 ലെ ജി.ഒ.(പി) 27/2021/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 12,13,14 എന്നിവ പ്രകാരമായിരിക്കും. 01.03.2021 മുതൽ പ്രാബല്യത്തിൽ CCA നിർത്തലാക്കപ്പെടുന്നതാണ്.

vi) മേല്പറഞ്ഞതൊഴികെ മറ്റൊരു അലവൻസുകൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല

vii) ജീവനക്കാരുടെ സമയബന്ധിത ഹയർ ഗ്രേഡ് 10/02/2021 ലെ ജി.ഒ.(പി)നം. 27/2021/ധന നമ്പർ ലെ അനക്ഷർ VI പ്രകാരമായിരിക്കും ( ഖണ്ഡിക 22 ഒഴികെ).

viii) പുതുക്കിയ സമയബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ പ്രാബല്യത്തീയതി 01.04.2021 ആയിരിക്കും.

ix) സർക്കാർ ജീവനക്കാർക്ക് ബാധകമാകാത്ത എതെങ്കിലും അലവൻസോ മറ്റ് ആനുകൂല്യങ്ങളോ നിലവിൽ കേരള ഡെന്റൽ കൗൺസിലിലെ ജീവനക്കാർ അനുഭവിക്കുന്നുണ്ടെങ്കിൽ ആയത് ഈ ഉത്തരവോടു കൂടി അവസാനിപ്പിക്കേണ്ടതാണ്.

x) ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ബഹു.മന്ത്രിസഭായോഗ തീരുമാനപ്രകാരവുമുള്ള സർക്കാർ ഉത്തരവ് കൂടാതെ തസ്തിക സൃഷ്ടിക്കുവാനോ തസ്തിക ഉയർത്തുവാനോ പാടുള്ളതല്ല.

xi) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിലല്ലാതെ യാതൊരാളെയും (പാർട്ട് ടൈം, ഫുൾടൈം, പ്രൊവിഷണൽ, താൽക്കാലിക നിയമനം എന്നിവയും കോൺട്രാക്ട്/ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം) നിയമിക്കുവാൻ പാടുള്ളതല്ല.

xii) സ്ഥാപനത്തിൽ ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ.(അ)നമ്പർ.1208/2001/ധന നമ്പർ ഉത്തരവ് പ്രകാരം നിർത്തലാക്കേണ്ടതാണ്.

xiii) പ്രസ്തുത ശമ്പള പരിഷ്കരണം നിമിത്തമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാദ്ധ്യതയും സർക്കാർ വഹിക്കുന്നതല്ല ആയത് കേരള ഡെന്റൽ കൗൺസിലിന്റെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

xiv) ശമ്പളപരിഷ്കരണ കുടിശ്ശിക സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് കേരള ഡെന്റൽ കൗൺസിലിന് തീരുമാനമെടുക്കാവുന്നതാണ്.

xv) ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ പിഴവ് സംഭവിക്കുന്ന പക്ഷം ആയതിന് കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിൽ രജിസ്ട്രാർ ഉത്തരവാദിയായിരിക്കുന്നതാണ്.

xvi) മുൻകാലശമ്പള ഫിക്സേഷനുകൾ 30.01.2013 ലെ 12/13/ധന നമ്പർ സർക്കുലർ പ്രകാരം പരിശോധിക്കേണ്ടതും അപാകതകൾ കണ്ടെത്തുന്ന പക്ഷം 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതുമാണ്.

xvii) ശമ്പളപരിഷ്കരണ ശുപാർശ ബഹു. മന്ത്രിസഭാ യോഗാനുമതിയ്ക്കായി സമർപ്പിക്കേണ്ടതും സർക്കാർ ഉത്തരവിന്റെ കരട് സൂക്ഷ്മപരിശോധനക്കായി ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

xviii) CPF/EPF Employer വിഹിതം സംബന്ധിച്ച പൊതു വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ഇതിന് ബഹു. ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്."

5. ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 10.02.2021 ലെ സ.ഉ (പി) നം. 27/2021/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 11-ാം ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യം കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം കേരള ഡന്റൽ കൗൺസിൽ ജീവനക്കാർക്ക് കൂടി ബാധകമാക്കാവുന്നതാണോ ?